# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 133**

**08-06-2015- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ

**ചോദ്യം**

**ശ്രീ. ബാബു.എം.പാലിശ്ശേരി :**

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചുവോ ; എങ്കിൽ എത്ര കോടി രൂപയ്ക്കാണ് ടെണ്ടർ ഉറപ്പിച്ചത് ;

**മറുപടി**

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)**

(എ) വിഴിഞ്ഞം പദ്ധതിയുടെ പ്രൈസ് ബിഡ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി യായ 2015 ഏപ്രിൽ മാസം 24 ന് അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡ് മാത്രമാണ് പ്രൈസ് ബിഡ് സമർപ്പിച്ചത്. തുടർന്ന് ചേർന്ന എംപവേർഡ് കമ്മിറ്റിയും ബോർഡ് യോഗവും അദാനി പോർട്ട്സ് സമർപ്പിച്ച പ്രൈസ് ബിഡ് അംഗീകരിക്കുകയുണ്ടായി. പ്രസ്തുത ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷ നായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശുപാർശ ചെയ്തുവെ ങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗ ത്തിനുശേഷം എടുത്താൽ മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കു കയുണ്ടായി

അതിൻ പ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുക യുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവ സ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും

അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി. അന്തിമാനുമതി സർവ്വകക്ഷി യോഗത്തിനു ശേഷം പരിഗണിയ്ക്കാമെന്ന് തീരുമാനിക്കുകയും ഉണ്ടായി. ബിഡ് സംബന്ധിച്ച് അന്തിമ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല.

(ബി) ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ ഏതൊക്കെയാണ് ; അതിൽ ഏത് കമ്പനിയുടെ പേരിലാണ് ടെണ്ടർ ഉറപ്പിച്ചത്;

(ബി) താഴെ പറയുന്ന അഞ്ചു കമ്പനികൾ യോഗ്യത നേടുകയുണ്ടായി.

- Gammon Infrastructure Projects Limited.
- Consortium of ConcastInfratech Ltd. & Hyundai Engineering & Construction Co.Ltd.
- Essar Ports Ltd.
- SREI-OHL Consortium.
- Adani Ports & Special Economic Zone Ltd.

ഇവരിൽ നിന്നും താഴെ പറയുന്ന മൂന്ന് കമ്പനികൾ എട്ട് ലക്ഷം രൂപ മുടക്കി RFP യും ഇതിന്റെ ഭാഗമായ ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റും വാങ്ങുകയുണ്ടായി.

- Essar Ports Ltd.
- SREI-OHL Consortium.
- Adani Ports & Special Economic Zone Ltd.

രണ്ടാം ഘട്ട നടപടികൾ പൂർത്തീകരിച്ച ശേഷം പ്രൈസ് ബിഡ് നൽകേണ്ട അവസാന ദിവസമായ 2015 ഏപ്രിൽ മാസം 24-ന് അദാനി പോർട്ട് മാത്രമാണ് ബിഡ് സമർപ്പിച്ചത്.

എംപവേഡ് കമ്മിറ്റിയും ബോർഡ് യോഗവും അദാനി പോർട്ട്സ് സമർപ്പിച്ച പ്രൈസ് ബിഡ് അംഗീകരിച്ചു. ഈ ബിഡ് അംഗീകരിക്കുന്നതിനുളള ശുപാർശ സർക്കാരിന് നൽകുകയും ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശുപാർശകൾ മെയ് 20–ാം തീയതി സംസ്ഥാന മന്ത്രി സഭാ യോഗം പരിഗണിക്കുകയും അതിനെപ്പറ്റിയുളള അന്തിമ തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനു ശേഷം കൈകൊളളാമെന്നും തീരുമാനിച്ചു. സർവ്വകക്ഷി യോഗം ജൂൺ 3 ന് നടന്നു. ടെണ്ടർ സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടില്ല.

(സി) ഈ പ്രവൃത്തിക്കായി സംസ്ഥാന ഗവൺമെന്റ് മുതൽ മുടക്കേണ്ടതുണ്ടോ ; എങ്കിൽ എത്ര കോടി രൂപ ; ടെണ്ടർ എടുത്ത കമ്പനി എത്ര കോടി രൂപ മുതൽ മുടക്കും ;

(സി) സ്വകാര്യ പങ്കാളി ചെലവഴിക്കേണ്ട ആകെ പദ്ധതിതുകയായ 4089 കോടി രൂപയിൽ 39.985% ഗ്രാന്റ് ആണ് ആവശ്യപ്പെട്ടത് (1635 കോടിരൂപ). ഇതിൽ ആദ്യത്തെ 20% (818 കോടി രൂപ) കേന്ദ്ര സർക്കാരും അതിനു ശേഷമുളള 19.985% (817 കോടി രൂപ) സംസ്ഥാന സർക്കാരും ആണ് നൽകേണ്ടത്. പദ്ധതിയ്ക്ക് സർക്കാർ ചെലവാക്കേണ്ട ഫണ്ടഡ് വർക്കിന്റെ തുക 1463 കോടി രൂപയാണ്. ഈ പ്രവർത്തികൾക്കായി മൊത്തത്തിൽ 2280 കോടി രൂപയാണ് സംസ്ഥാന സർക്കാർ മുടക്കുന്നത്.

(ഡി) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമി സംസ്ഥാന ഗവൺമെന്റ് വിട്ടു നൽകണം ; അതിനു ഇന്നത്തെ മാർക്കറ്റ് വില എത്ര കോടി രൂപയാണ് ;

(ഡി) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടറിൽ പദ്ധതി ആവശ്യത്തിനായി 229.10 ഏക്കർ ഭൂമി നിർമ്മാണത്തിനും നടത്തിപ്പിനുമായി ലൈസൻസ് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നാളിതുവരെ 206.87 ഏക്കർ ഭൂമി സർക്കാർ ഭൂഉടമകളുമായി ഉഭയസമ്മതപ്രകാരം അംഗീകരിച്ച (2010-13) കമ്പോള വിലയനുസരിച്ച്

524.41 കോടി രൂപ മുതൽ മുടക്കി വിലയ്ക്ക് വാങ്ങിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | തുറമുഖ പദ്ധതിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും ; പദ്ധതിയുടെ ലാഭവിഹിതം എന്നുമുതൽ സംസ്ഥാനത്തിന് കിട്ടിത്തുടങ്ങും ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ? | (ഇ) | വിഴിഞ്ഞം പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കി, ഈ വർഷം അവസാനം തന്നെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിയ്ക്കാൻ സാധിയ്ക്കും. കരട് കൺസഷൻ എഗ്രിമെന്റ് പ്രകാരം തുറമുഖ നടത്തിപ്പിന്റെ 15-ാം വാർഷികം പൂർത്തിയാകുന്നതു മുതൽ ഓരോ കൊല്ലവും തുറമുഖ നടത്തിപ്പിൽ നിന്നുള്ള മൊത്തം വരുമാനത്തിന്റെ 1%, 2%, 3% എന്നീ ക്രമത്തിൽ (ഓരോ വർഷവും 1% വീതം കൂടുന്ന രീതിയിൽ) 40% വരെ റവന്യൂ വിഹിതം സർക്കാരിന് ലഭിക്കാൻ വ്യവസ്ഥയുണ്ട്.<br><br>സംസ്ഥാന സർക്കാർ തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായി ലൈസൻസ് നൽകുന്ന ആകെ ഭൂമിയുടെ 30% വിസ്തൃതിയിലുള്ള ഭൂമിയിൽ പോർട്ട് എസ്റ്റേറ്റ് ഡവലപ്മെന്റ് പങ്കാളിയ്ക്ക് സ്വന്തം മുതൽ മുടക്കിൽ നടത്തുന്നതിനുള്ള ലൈസൻസും ഉണ്ടായിരിക്കും. ഇതിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ 7-ാം വാർഷികം പൂർത്തിയാകുന്നതു മുതൽ സർക്കാരിന് ലഭ്യമാകുന്ന വ്യവസ്ഥ Draft Concession Agreement ലുണ്ട്. |

സെക്ഷൻ ഓഫീസർ